15
YEARS OF
CELEBRATING
THE MAHATMA

# MAHATMA GANDHI UNIVERSITY, KERALA

Ac AVI/2/2152/M.Phil. Fellowship/2019
17.06.2019

## <u>വിജ്ഞാപനം</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ എം.ഫിൽ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള എം.ഫിൽ ഫെല്ലോഷിപ്പിന് (2017 -18, 2018 -19 ) യോഗ്യരായ വിദ്യാർത്ഥികളിൽനിന്നും നിർദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ഫെല്ലോഷിപ്പ് തുക പ്രതിമാസം രണ്ടായിരത്തി അഞ്ഞൂറ് രൂപയും, ഫെല്ലോഷിപ്പ് കാലാവധി പരമാവധി 12 മാസവും ആയിരിക്കും.

അപേക്ഷ ഫോറം www.mgu.ac.in എന്ന സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അക്കാദമിക് യോഗ്യത തെളിയിക്കുന്ന ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
2. ഗവേഷണ മാർഗദർശിയുടെ പ്രത്യേക സമ്മതപത്രം.
3. അപേക്ഷകൻറെ/അപേക്ഷകയുടെ ഗവേഷണം നടത്തുന്നതിനുള്ള അഭിരുചി സംബന്ധിച്ച് മാർഗദർശിയും ഗവേഷണ കേന്ദ്രത്തിൻറെ തലവനും നൽകുന്ന ശുപാർശകൾ.

നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയതും എല്ലാ രീതിയിലും പരിപൂർണ്ണവുമായ അപേക്ഷ 15.07.2019-നോ അതിനുമുമ്പോ ആയി അതാത് പഠന വകുപ്പ് തലവന്മാർക്ക് സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായതും അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

REGISTRAR (i/c)

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #4 of File Ac AVI/2/2152/M.Phil. Fellowship/2019 Approved by REGISTRAR (i/c) on 17-Jun-2019 04:29 PM - Page 1